(സി) ഗവൺമെൻറിന് വിവരം കിട്ടിയിട്ടില്ല.

(ഡി) സംസ്ഥാന വിഷയങ്ങളെ സംബന്ധിച്ച് വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഡോക്കുമെൻറി ചിത്രങ്ങളോ, ടെലിവിഷൻ ചിത്രങ്ങളോ നിർമ്മിക്കാൻ കേന്ദ്രഗവൺമെൻറിൻെറ അനുവാദം കിട്ടിയിരിക്കണം. കേന്ദ്രഗവൺമെൻറ് ഈ അനുവാദം നൽകുന്നത് സ്വാഭാവികമായും സംസ്ഥാന ഗവൺമെൻറിൻെറ ശുപാർശ പ്രകാരമാണ്. അങ്ങനെ അനുവാദം നൽകപ്പെടുന്ന ആളുകൾ ചിത്രം എടുക്കുമ്പോൾ സംസ്ഥാന ഗവൺമെൻറിൻെറ ഒരു പ്രതിനിധി രംഗചിത്രീകരണ സമയത്ത് മേൽനോട്ടത്തിന് ഉണ്ടായിരിക്കണമോ, വേണ്ടയോ എന്ന് പ്രത്യേകം എടുത്തുപറയാറുണ്ട്. എടുത്ത ചിത്രങ്ങളാകട്ടെ, പരിശോധിച്ചതിനുശേഷം ഏതെല്ലാം ഭാഗങ്ങൾ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം നൽകുന്നത് കേന്ദ്ര ഗവൺമെൻറാണ്.

വിനോദസഞ്ചാരികൾ

498 [900] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-നുശേഷം സംസ്ഥാനത്തേക്കുള്ള വിനോദസഞ്ചാരികളുടെ വരവിൽ കുറവ് ഉണ്ടായി എന്നത് ശരിയാണോ;

(ബി) എങ്കിൽ എന്താണിതിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കൂടുതൽ എന്തെങ്കിലും പരിപാടികൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ, ബി) 1984-നു ശേഷം സംസ്ഥാനത്തേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ആഭ്യന്തര ജലഗതാഗത വികസനം, വാട്ടർ സ്പോർട്ട്, മലമ്പുഴ പൂന്തോട്ടത്തിൻെറ വികസനം, വേളി ടൂറിസ്റ്റ്-കം-ലിഷർ കോംപ്ലക്സിൻെറ വികസനം, മിതവ്യയക്കാരായ ടൂറിസ്റ്റുകൾക്കായി പ്രധാന വിനോദ സഞ്ചാര തീർത്ഥാടന കേന്ദ്രങ്ങളിലും നാഷണൽ പാർക്കുകൾ, വന്യമൃഗ സങ്കേതങ്ങൾ എന്നിവിടങ്ങളിലും യാത്രികർക്കായി ഹോസ്റ്റലുകൾ, ഡോർമിറ്ററികൾ തുടങ്ങിയവ പണിയുക മുതലായവയാണ് അവ. കൂടാതെ കേരളത്തിനകത്തും പുറത്തുമുള്ള തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

അറബിക്കല്ല്യാണം

499 [901] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികൾ കേരളത്തിൽ വന്ന് കേരളീയ സ്ത്രീകളെ വിവാഹം കഴിക്കുന്നതിന് ചില നിയന്ത്രണങ്ങളും, കേരളീയ സ്ത്രീ

LIBRARY ARCHIVES Kerala Legislative Assembly